നം:ICDS.B6-37746/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 11.04.2017.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാശിശുവികസനപദ്ധതി ഓഫീസർമാർക്കും,

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ICDS - അങ്കണവാടിജീവനക്കാരുടെ പ്രോജക്ട് മീറ്റിംഗ് വ്യത്യസ്ത പഞ്ചായത്തുകളിൽ നടത്തുന്നത് - സംബന്ധിച്ച്.

സൂചന :- വകുപ്പുമന്ത്രിയുടെ 23.11.2016 ലെ 1043203/16/Min ( Health)

അങ്കണവാടി ജീവനക്കാരുടെ പ്രോജക്ട് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് 8 കിലോ മീറ്റർ ചുറ്റളവിൽ ഉള്ള അങ്കണവാടികളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് റ്റിഎ ലഭിക്കുന്നില്ല എന്ന് സൂചന പ്രകാരം പരാതി ലഭിച്ചിട്ടുണ്ട്. 3 വാഹനങ്ങളിൽ യാത്ര ചെയ്തു വരുന്ന ജീവനക്കാരും ഇതിൽ ഉൾപ്പെടുന്നു എന്നും ബസ് ചാർജ് വർദ്ധിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ ജീവനക്കാർക്കും റ്റിഎ ലഭിക്കുന്നതിനായി പ്രോജക്ട് മീറ്റിംഗ് പ്രോജക്ടിനു കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ വച്ച് നടത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാണെങ്കിൽ പ്രോജക്ട് മീറ്റിംഗ് വ്യത്യസ്ത പഞ്ചായത്തുകളിൽ വച്ച് സിഡിപിഒമാർക്ക് നടത്താവുന്നതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

TSS/-